# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3907** **24.08.2017-ൽ മറുപടിയ്ക്ക്**

**ആദിവാസി കോളനിയുടെ നവീകരണം**

**ചോദ്യം**
ശ്രീ.ടി.എ.അഹമ്മദ് കബീർ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | മങ്കട മണ്ഡലത്തിലെ ഏക ആദിവാസി കോളനിയുടെ നവീകരണം സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത കോളനിയുടെ അടിസ്ഥാന/ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മങ്കട കള്ളിക്കൽ കോളനിയിലെ 6 കുടുംബങ്ങൾക്കും വീട്, വൈദ്യുതി എന്നിവയും, എം.പി ഫണ്ട് ഉപയോഗിച്ച് റോഡും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് പ്രോജക്റ്റ് അംഗീകരിച്ചിട്ടുണ്ട്. വീട്, കുടിവെള്ളം, വൈദ്യുതി, റോഡ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ ഈ കോളനിയിൽ ഇനി സംരക്ഷണ ഭിത്തി മാത്രമാണ് നിർമ്മിക്കേണ്ടത്. ഇതിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായതിനാൽ ഈ കോളനിയിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ